പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 656** 30-07-2015 ൽ മറുപടിക്ക്

## പാലക്കാട്ടെ ഇരുമ്പുരുക്ക് വ്യവസായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീ. എം.ഹംസ**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.സാജുപോൾ** | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇരുമ്പുരുക്ക് നിർമ്മാണശാലകളുള്ള പാലക്കാട്ട് ഈ വ്യവസായത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും ഉയർന്ന തോതിൽ ഉപഭോഗമുള്ള വൈദ്യുതിയുടെ നിരക്കുകളും കാരണം ഇരുമ്പുരുക്ക് വ്യവസായങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ട് |
| (ബി) | അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റമടക്കം വിവിധ കാരണങ്ങളാൽ ഇത്തരം സ്ഥാപനങ്ങൾ വൻ പ്രതിസന്ധി നേരിടുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും സുഗമമായി നടത്തിക്കുന്നതിനും ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (സി) | പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രധാന അസംസ്കൃത വസ്തുക്കളായ സ്റ്റീൽ സ്ക്രാപ്പ് തദ്ദേശീയമായോ ഇറക്കുമതിയിലൂടെയോ ശേഖരിക്കുന്നതിന്റെ സാദ്ധ്യതകളെ പറ്റി അഭിപ്രായ രൂപീകരണം ഉണ്ടാക്കുവാൻ ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ